**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** **22-02-2022 - ൽ മറുപടിയ്ക്ക്**

**പാനൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ , അഗ്നിരക്ഷാനിലയം ഇപ്പോൾ താൽക്കാലികമായി പ്രവർത്തിച്ചുവരുന്ന പാനൂർ ഐ.ബി. പൊളിച്ച് പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തിക്ക് തടസ്സം വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാനൂർ ഐ.ബി.കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതി പ്രകാരം പാനൂർ സർക്കിൾ ഓഫീസ് ജില്ലയിലെ കൂത്തുപറമ്പ് സബ്ഡിവിഷൻ പരിധിയിലെ വിജ്ഞാന കേന്ദ്രത്തിന്റെ (Knowledge Repository Centre) ഹബ്ബായി മാറ്റാൻ തീരുമാനമെടുത്തിട്ടുള്ളതിനാൽ പഴയ പാനൂർ സർക്കിൾ ഓഫീസ് കെട്ടിടം അഗ്നി രക്ഷാ നിലയത്തിന് ലഭ്യമാക്കുവാൻ നിർവാഹമില്ല. |
| (ബി) | പാനൂർ അഗ്നിരക്ഷാനിലയം താൽക്കാലികമായി പ്രവർത്തിച്ചുവരുന്ന പാനൂർ ഐ.ബി ഒഴിഞ്ഞുകൊടുക്കാൻ നോട്ടീസ് ലഭിച്ച സാഹചര്യത്തിൽ തൊട്ടടുത്ത് ഉപയോഗിക്കാതെ കിടക്കുന്ന പോലീസ് ഉടമസ്ഥതയിലുള്ള പഴയ സി.ഐ ഓഫീസ് താൽക്കാലികമായി അഗ്നിരക്ഷാനിലയത്തിന് അനുവദിക്കുമോ ; | (ബി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (സി) | പാനൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിൽ നിന്നും കൈമാറി ലഭിച്ചിട്ടുള്ള പാനൂർ വില്ലേജിലെ റീ സർവ്വേ നം.33/2 സി യിൽ ഉൾപ്പെട്ട 56 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി 4 കോടി 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൻ പ്രകാരം സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്. |
| (ഡി) | പാനൂർ അഗ്നിരക്ഷാനിലയം പണിയുന്നതിനുവേണ്ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി 2021 | (ഡി) | കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | നവംബർ മാസം റിപ്പോർട്ട് അയച്ചിട്ടും സാങ്കേതിക അനുമതി ലഭിക്കാത്തതിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്താമോ ;സാങ്കേതിക അനുമതി ലഭിച്ചാൽ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ? | | വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ